നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 611 കോടി രൂപ ഉൾപ്പെടുത്തിക്കൊണ്ട് മൊത്തം പദ്ധതിയുടെ 16.97 ശതമാനം സർക്കാർ വൈദ്യുതി മേഖലയ്ക്കായി നീക്കി വച്ചിട്ടുണ്ട്. ഇതിൽ 233 കോടി രൂപ പ്രസരണ രംഗത്തും 130 കോടി രൂപ വിതരണരംഗത്തും ചെലവഴിക്കാനുള്ളതാണ്.

വിവര സാങ്കേതിക വിദ്യ

29. സംസ്ഥാനത്തെ സാമ്പത്തിക വികസനത്തിന്റെ ശക്തമായ ഉപകരണമായി വിവര സാങ്കേതിക വിദ്യ ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ഈ മേഖല ഒരുക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി മൂന്നുവർഷം മുമ്പ് വിവര സാങ്കേതിക വ്യവസായത്തിന്റെ പ്രോത്സാഹനാർത്ഥം സമഗ്രമായ ഒരു ഐ.ടി. നയത്തിനു രൂപം നൽകുകയുണ്ടായി. ഐ.ടി.യിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഐ.ഐ.ഐ.ടി.എം-കെ (Indian Institute of Information Technology and Management - Kerala), തിരുവനന്തപുരത്തെയും കൊച്ചിയിലേയും ഐ.ടി.അടിസ്ഥാന സൗകര്യ വികസനം, സംസ്ഥാന അടിസ്ഥാനത്തിൽ ബ്രോഡ് ബാൻഡ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള പണി തുടങ്ങിവയ്ക്കൽ, ജനസേവന കേന്ദ്രം പോലുള്ള മാതൃകാ ഇലക്ട്രോണിക് സേവന പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് എന്നിവ കഴിഞ്ഞ വർഷത്തെ മുഖ്യമായ സംരംഭങ്ങളാണ്. ഈ മേഖലയിൽ നമ്മൾ നടത്തിയ നടപടികൾക്ക് കാര്യമായ ഫലം ലഭിച്ചുതുടങ്ങിയെന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇനിയുള്ള മാസങ്ങളിൽ ഈ രംഗത്ത് സംസ്ഥാനം വമ്പിച്ച വളർച്ച കൈവരിക്കാൻ പോവുകയാണ്. കഴിഞ്ഞ വർഷത്തോടെ സോഫ്റ്റ് വെയർ കമ്പനികളുടെ ദക്ഷിണേന്ത്യയിലെ പ്രധാന കേന്ദ്രമായി തിരുവനന്തപുരം മാറിക്കഴിഞ്ഞിട്ടുണ്ട്. പാർക്കിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അടുത്ത വർഷത്തേയ്ക്ക് അഞ്ചു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഐ. ടി. വികസനത്തിന് അത്യന്താധുനിക വാർത്താ വിനിമയവും അടിസ്ഥാന സൗകര്യങ്ങളും വാഗ്ദ്ധാനം ചെയ്യുന്ന അന്തർദേശീയ നിലവാരമുള്ള ഒരു "ടെക്നോളജി ഹാബിറ്റാറ്റ്" കൊച്ചിക്കടുത്ത് ആരംഭിക്കുന്നതാണ്. കേരള പ്രസ്സ് അക്കാദമി അവരുടെ ശേഖരത്തിലെ വില പിടിപ്പുള്ള രേഖകളും ഗ്രന്ഥങ്ങളും കമ്പ്യൂട്ടറൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള സഹായമായി 15 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

30. സംസ്ഥാനത്ത് ആധുനിക ടെലികോം അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾക്ക് പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്ത് സമഗ്രമായ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായി അടുത്ത മൂന്നുനാലു വർഷം കൊണ്ട് സ്വകാര്യ മേഖലയിൽ നിന്ന് ഏകദേശം 2400 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഒരു കോടി രൂപ ചെലവിൽ പുതിയ ഹൈടെക് ഐ.ടി. വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സൗകര്യങ്ങൾ വിപുലീകരിക്കുന്നതായി അടുത്ത വർഷത്തേയ്ക്ക് 50 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളുമായി മത്സരാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ പര്യാപ്തമായ ഒരു വികസന തന്ത്രം ആവിഷ്ക്കരിച്ച് നടപ്പാക്കാൻ രണ്ടര കോടി രൂപ വരും വർഷത്തേയ്ക്ക് പ്രത്യേകമായി നീക്കി വച്ചിട്ടുണ്ട്.

31. വിവിധ സേവനങ്ങൾ ഒരേ കേന്ദ്രത്തിൽ ലഭ്യമാക്കാൻ തിരുവനന്തപുരത്ത് ആരംഭിച്ച ജനസേവന കേന്ദ്രത്തിന്റെ മാതൃകയിൽ സംയോജിത സേവനകേന്ദ്രം അല്ലെങ്കിൽ ജനസേവന കേന്ദ്രം സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നു. രജിസ്ട്രേഷൻ വകുപ്പിലെ അൻപത് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശേഷിച്ച ഓഫീസുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം ഐ.ഐ.ഐ.റ്റി.എം.കെ. പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിൽ വിദൂര-വെബ്ബ് അധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള ഒരു പ്രധാന കേന്ദ്രമായി ഇത് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ വികസനത്തിനായി ബഡ്ജറ്റിൽ അഞ്ച് കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമീണ ലൈബ്രറികളെ 'സാമൂഹ്യ വിവര വ്യാപനകേന്ദ്രങ്ങ'ളാക്കി മാറ്റുന്ന പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപയും പബ്ലിക്ക് ഓഫീസുകൾ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ് അനക്സ്, സെക്രട്ടേറിയറ്റ് എന്നിവയെ ബന്ധിപ്പിക്കുന്ന "വൈഡ് ഏരിയ നെറ്റ് വർക്കി"ന് വേണ്ടി 2.5 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളുടെയും ഓഫീസുകളുടേയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് ഞാൻ 3.08 കോടി രൂപ വക കൊള്ളിക്കുന്നു.

32. പാവങ്ങളുടേയും അടിസ്ഥാന വിഭാഗങ്ങളുടേയും ക്ഷേമത്തിലൂന്നിയുള്ള മാനുഷികപരിഗണനയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. അതുകൊണ്ട് തന്നെയാണ് കൂടിശ്ശികയാക്കിയിരുന്ന ആറുവർഷക്കാലത്തെ കയർതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാവേതനം, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങി മുൻ ഗവൺമെന്റ് ബാക്കിവച്ചു പോയ 100 കോടി രൂപയോളം വരുന്ന പെൻഷൻ തുകകൾ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ കൂടിശ്ശിക തീർത്ത് കൊടുക്കുവാൻ തയ്യാറായത്. പുതിയ മദ്യനയത്തിന്റെ ഭാഗമായി 1995-ൽ കൊണ്ടുവന്ന ചാരായനിരോധനം ആയിരക്കണക്കിന് തൊഴിലാളികളെ നിരാലംബരാക്കി. വിരോധാഭാസമെന്നു പറയട്ടെ, ഈ മേഖലയിൽ നിന്ന് ഗവൺമെന്റിന് ലഭിക്കേണ്ടുന്ന വരുമാനം പിരിച്ചെടുത്ത ശേഷമാണ് ചാരായ നിരോധനം കൊണ്ടുവന്നത്. സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും തൊഴിൽ നഷ്ടപ്പെട്ടവർക്ക് 40 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകുവാൻ ഗവൺമെന്റിനു കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾ നീക്കിവച്ചതുൾപ്പെടെ ദരിദ്രവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുവേണ്ടി വകയിരുത്തിയിട്ടുള്ള മൊത്തം വിഹിതം 300 ശതമാനം വർദ്ധിച്ച് 500 കോടി രൂപയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

33. ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ച് ഗുണഭോക്താക്കളുടെ പ്രശംസ സമ്പാദിച്ച ശേഷം അത് നടപ്പിലാക്കാതിരിക്കുക ഒരു സർക്കാരിന് വളരെ എളുപ്പമാണ്. എന്നാൽ ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിനു മാത്രമേ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. പാവങ്ങളുടേയും അർഹരായ അടിസ്ഥാന വിഭാഗങ്ങളുടേയും ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ചെലവിടുന്നതിന് സാമ്പത്തിക പ്രയാസങ്ങൾ ഒരു തടസ്സമായി നിൽക്കാൻ ഈ ഗവൺമെന്റ് അനുവദിച്ചിട്ടില്ലെന്ന് മാത്രമല്ല ഇത്തരം പദ്ധതികൾക്ക് വർഷാവർഷം അടങ്കൽ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. 37.2 കോടി രൂപ കർഷകത്തൊഴിലാളി പെൻഷനുവേണ്ടിയും 19.78 കോടി രൂപ അഗതി പെൻഷനുവേണ്ടിയും ഞാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി 70 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതാണ്.

34. ഈ സർക്കാർ ഊന്നൽ നൽകിയ മറ്റൊരു പ്രധാന മേഖല പാവങ്ങളുടെ പാർപ്പിട നിർമ്മാണമാണ്. മൈത്രീ ഭവന പദ്ധതിയിൻ കീഴിൽ ഏകദേശം 200 കോടി രൂപയുടെ പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ ഭവന പദ്ധതിക്കായി ഈ വർഷവും 35 കോടി രൂപ ഞാൻ വകകൊള്ളിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ ജില്ലാപഞ്ചായത്തുകളും സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുകയോ അതിനുവേണ്ട പദ്ധതി ആവിഷ്ക്കരിക്കുകയോ ചെയ്തിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടി ആവിഷ്ക്കരിക്കപ്പെട്ട 'കുടുംബ ശ്രീ' പദ്ധതി ഒരു വിജയകരമായ സംരംഭമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള വനിതകളുടെ ദാരിദ്ര നിർമ്മാജ്ജനത്തിനുള്ള മാതൃകാ പദ്ധതിയായും ഇത് ദേശീയ സാർവദേശീയ പ്രശംസ നേടിയിരിക്കുന്നു. വാർഷിക പദ്ധതിയിൽ 15 കോടി രൂപ ഞാൻ ഇതിനായി നീക്കി വച്ചിട്ടുണ്ട്. ഇത് കൂടാതെ ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളായ 'സ്വർണ്ണജയന്തി ഗ്രാമസ്വരാജ് ഘർ യോജന', 'ഇന്ദിരാ ആവാസ് യോജന', 'പ്രധാനമന്ത്രി ഗ്രാമോദയ് യോജന', ദേശീയ ചേരിവികസന പദ്ധതി, "സുവർണ്ണ ജയന്തിഷ്ഹാരി റോസ്ഗാർ യോജന", കൊച്ചി നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, 'ബാലികാസമൃദ്ധി യോജന' എന്നീ പദ്ധതികളും പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നതാണ്. സംസ്ഥാന വിഹിതം ഉൾപ്പെടെ 600 കോടി രൂപ ഇത്തരം പദ്ധതികൾ വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നേരിട്ട് ചെലവഴിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പിന്നോക്ക വിഭാഗ ക്ഷേമം

35. ചെലവിനങ്ങളിൽ കാര്യമായ വർദ്ധനയുണ്ടായ മറ്റൊരു പ്രധാനമേഖലയാണ് പിന്നോക്ക വിഭാഗ ക്ഷേമപദ്ധതികൾ. 1995-96-ൽ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഘടക പദ്ധതി വഴി 183 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

service connections and given 1.41 lakh streetlights during the last five years besides setting up 6122 transformers. In addition, the Board is giving one lakh connections under Kutir Jyothi Scheme with the assistance of REC and other agencies. Government has taken initiative to electrify 986 Scheduled Caste colonies under SCP at a total cost of Rs. 34.4 cr. and 130 Scheduled Tribe colonies underTSP at a total cost of Rs. 5.7 cr. In the next year, Government hopes to provide 4 lakh service connections, 1525 km. of 11 KV lines, 8100 km LT lines and 1835 transformers. The Board has introudced two Insurance schemes for extending help to the victims of electrical accidents viz. the Vydyuthi Suraksha Insurance Policy- 2000 and Workmen insurance coverage for petty contractors and workmen. Government has set apart 16.97% of the plan the power sector and has provided an outlay of Rs. 611 cr. in the Annual Plan. Out of this Rs. 233 cr. is for to be spent on Transmission and Rs. 130 cr. on Distribution.

INFORMATION TECHNOLOGY

29. Information Technology has emerged as a potent tool for economic development of the State. To harness the opportunities offered by this sector, Government had, three yeas ago, declared a comprehensive IT policy, which aimed to promote a vibrant IT industry in the State. Some of the major initiatives that we could mark in the last year include the launching of the IITM-K (Indian Institute of Information Technology and Management- Kerala), as a centre of excellence for higher IT education, expansion of IT infrastructure at Trivandrum and Kochi, commencement of work on the establishment of a state-wide broadband network and successful implementation of model e- governance projects such as the Janasevanakendram. I am happy to mention that our initiatives in this sector have begun to yield dividends and the State is now poised for a period of accelerated growth in the coming months. Over the last year, Trivandrum has emerged as a signnificant software hub in the South for IT companies. Government intends to expand facilities at the park substantially. An amount of Rs. 5 cr. has been earmarked in the coming year for the purpose. Government is also

LIBRARY ARCHIVES Kerala Legislative Assembly

embarking on a state-of-the-art 'Technology Habitat' near Kochi, which would be a world -class facility, offering the most advanced telecom and related infrastructure for the development of IT. The Kerala Press Academy has formulated a scheme to preserve the valuable documents and books with them in computerised form. For this purpose I am providing an amount of Rs. 15 lakhs.

30. Our efforts to promote establishment or a modern telecom infrastructure in the State has received enthusiastic response, and we expect that approximatley Rs. 2400 cr. will be invested by the private sector over the next 3-4 years in building up a comprehensive optic fibre network in the State. Work on setting up a high-tech IT enabled service habitat at Kochi along with an incubation centre for facilitating new IT ventures at a cost of nearly Rs. 1 cr. is already underway. In the coming year, an amount of Rs. 50 lakhs has been earmarked for augmentation of these facilities. To take up a focussed promotion strategy to highlight the State's competitive advantages, Rs.2.5 cr. has been earmarked inthe coming year.

31. The Integrated Service Centre or Janasevanakendram that was set up at Trivandrum as a pilot project for providing single window services to citizens is now being extended to all district headquarters in the State . A project to computerising 50 offices of the Registration Department is already underway, and it is proposed to extend this project to the remaining offices in the State . We expect the IITM-K to become full-fledged in the current year and we propose to develop this as a key resource centre for distance and web enabled education in future. An amount of Rs. 5 cr. is being earmarked in the budget for the development of IITM-K. We will extend the scheme of converting selected rural libraries as Community Information Centres to more centres- for this purpose I have provided an amount of Rs. 1 crore in my budget. A provision of Rs. 5 cr. has been earmarked for completing the computerisation of Treasuries and Rs. 2.5 cr. for the Wide Area Network that will connect the Secretariat, Secretariat Annexe, Vikas Bhavan and other Public Offices. I have also provided an amount of Rs. 3.08 cr. for completing the computerisation of the Sales Tax checkposts and offices.

LIBRARY ARCHIVES Kerala Legislative Assembly

32. The hallmark of this Government has been in its humanitarian approach to the welfare of the poor and the downtrodden. At the time of assuming office, this Government took on itself the liablity to pay arrears of approximately Rs. 100 cr. on account of various welfare schemes like unemployment assistance and agricultural workers welfare pensions- including arrears of six years of pension for coir workers. The arrack ban that was introduced in 1995 in the wake of the new excise policy had left thousands of workers in that industry, high and dry, many of them in utter destitution. Ironically the ban was introduced after the government revenues from this item of excise had been collected in to the treasuries. We were able to implement measures of Rs. 40 cr. for workers in this industry in spite of the difficult financial situation. Including the allocation set apart by the Local Bodies the outlay on housing schemes for the poor has grown by 300% to Rs. 500 cr.

33. It is easy for a Government to announce welfare schemes and earn accolades from the beneficiaries and then leave it at that. But it is only a Government with a deep commitment for the downtrodden and the oppressed, that does not allow excuses to come in the way of allowing benefits to the poor- especially when confronted with financial difficulties. We have not allowed the financial situation of Government to imperil our expenditure on the poor and the needy, but on the other hand we have been increasing outlays on these schemes every year. I am providing Rs. 37.20 cr. for the disbursing Agricultural Worker's Pension and Rs. 19.78 cr. towards destitute pension. I have inculded an amount of Rs. 70 cr. in my budget for paying unemployment assistance. Government intends to constitute a welfare fund for workers employed in automobile workshops.

34. Housing for the poor has been one of the most critical areas that this Government has emphasised. Under the Maithri Housing Scheme for the poor, we have built houses for approximately Rs. 200 cr. This year too, I have included a provision of Rs. 35 cr. for the Maithri Housing Scheme. Almost all district panchayats have total housing schemes for the poor or are in the process of formulating them. The Kudumbashree project has been universally acclaimed as a very successful intervention launched by Government to combat poverty in the State. This programme has come in for national and international acclaim, as an innovative tool to fight poverty with its focus on the

LIBRARY ARCHIVES Kerala Legislative Assembly

poorest women in society. I am earmarking an amount of Rs. 15 cr. in the Annual Plan for this. In addition to these, Government will continue to emphasise poverty redcution schemes like the Swaran Jayanthi Gramma Swarojgar Yojana, Indria Awaz Yojana, Pradan Mantry Gramodaya Yojana, National Slum Development Programme, Suvarna Jayanthi Shahari Rozgar Yojana, Kochin Urban Poverty Reduction Project and Balika Samridhi Yojana. Through these schemes, I expect an amount of Rs. 600 cr. to be spent directly on the poverty reduction schemes in the State, including the State Share for these.

WELFARE OF SCHEDULED CASTES AND SCHEDULED TRIBES

35. Another area in which major rise in expenditure has taken place is on schemes for welfare of scheduled castes and tribes. The outlay on welfare of scheduled castes through the Special Component Plan, which was Rs. 183 cr. in 1995-96, has gone up to Rs. 315 cr. in 1999-2000. Similarly the outlay on welfare of Scheduled Tribes, which was Rs. 30 cr. in 1995-96, increased to Rs. 63 cr. in 1999-2000. This year the provision under SCP is Rs. 87 cr. and under TSP the provision is Rs. 3.83 cr. This includes Rs. 11 cr. under Special Component Plan (SCP) and Rs. 7.43 cr. under Tribal Sub Plan (TSP) for Model Residential Schools respectively, in addition to a provision of Rs.2.5 cr. for setting up Centres of Excellence. An amount Rs. 20 cr. has been provided in my budget to complete the Total Housing Scheme for Scheduled Castes and Scheduled Tribes.

TOURISM

36. Tourism has come to be unequivocally hailed as the new vehicle of growth for the economy of the State. Tourism in Kerala has recorded remarkable growth in the last four years. The number of foreign tourist arrivals has increased by 100% over 1994 to 2000, going up from 104568 to over 200000. Domestic tourist arrivals have showed a very steep rise of about 400% climbing rapidly from 12.84 lakhs in 1994 to 50 lakhs in 2000. Kerala is singled out as the most acclaimed tourist destination in the country during the past few years. Our state received the national award of excellence for the best performing state in tourism consecutively for two years 1998-99 and 1999-2000. Government has acted as a facilitator and catalyst in promoting

LIBRARY ARCHIVES Kerala Legislative Assembly